# ഉറുമ്പും വരാലും

• കുസുമം ആർ പുന്നപ്ര

ഒരു കുളത്തിലൊരു വലിയ വരാലുണ്ടായിരുന്നു. ഒരു ദിവസം വരാൽ ആഹാരം അന്വേഷിച്ചങ്ങനെ നീന്തുമ്പോൾ എന്തോ ഒന്ന് വെള്ളത്തിന്റെ മുകളിൽ കിടന്നു പിടക്കുന്നതു കണ്ടു. വരാലെളുപ്പം അതിനെ തിന്നാമെന്നു വിചാരിച്ചു ചെന്നു. അതൊരു ഉറുമ്പായിരുന്നു.

അപ്പോളത് കരഞ്ഞുകൊണ്ട് പറഞ്ഞു: ''അയ്യോ ചങ്ങാതീ.. എന്നെ തിന്നല്ലേ! ഞാനാ മരത്തേന്ന് കാലുതെറ്റി ഇതിനകത്തു വീണുപോയതാണേ... എന്നെ എങ്ങനേലും ഒന്നു കരക്കെത്തിക്കണേ... ഞാനെന്തു വേണേലും ചങ്ങാതിക്കു തരാം.''

അപ്പോൾ വരാൽ ചോദിച്ചു: ''എന്തും തരുമോ''...

ഉറുമ്പ് പറഞ്ഞു: 'എന്നെക്കൊണ്ട് തരാൻ പറ്റുന്നതെന്താണേലും തരാം കൂട്ടുകാരാ, എന്നെ തിന്നല്ലേ''...

അതുകേട്ടപ്പോൾ വരാൽ വിചാരിച്ചു, ഇവനെ വെറുതെ വിട്ടേക്കാം. ഇവൻ രക്ഷപ്പെട്ടാലെന്തു ചെയ്യുമെന്നൊന്നു നോക്കാം. അങ്ങനെ ഉറുമ്പിനെ മുതുകത്തു കേറ്റി വരാൽ കരയിൽ കൊണ്ടാക്കി. ഉറുമ്പിന് സന്തോഷമായി. ഉറുമ്പ് അങ്ങു പോകുകയും ചെയ്തു.

പിറ്റേ ദിവസം അതേ സമയത്ത് ഉറുമ്പുവന്ന് വരാലിനെ വിളിച്ചു. അവൻ എവിടെ നിന്നോ ഒരു അരിമണിയുമായിട്ടായിരുന്നു വന്നത്. വരാലിന് സന്തോഷമായി. അവൻ വിശന്നിരിക്കുകയായിരുന്നു. അരി മണിയും കുറച്ചു വെള്ളവും കഴിച്ചപ്പോളവന്റെ വിശപ്പു മാറി. അതു പിന്നെ ഒരു



▸▸ വിലാസിനി എന്നത് എം.കെ. മേനോന്റെ തൂലികാനാമമാണ്.

## ഏറ്റവും വലിയ ഭൂകമ്പം

ചരിത്രത്തിലെ ഏറ്റവും വലിയ ഭൂകമ്പമുണ്ടായത് 1960 മെയ് 22-ന് ചിലിയിലെ വാൽഡിവിയിലാണ്. റിക്ടർ സ്കെയിലിൽ 9.5 തീക്ഷ്ണത ഇത് രേഖപ്പെടുത്തി. ഏറ്റവും കൂടുതൽ ജീവഹാനിയുണ്ടായ ഭൂകമ്പം 1556-ൽ ചൈനയിലുണ്ടായതാണ്. ഇതിൽ 8.3 ലക്ഷം പേർ മരണപ്പെട്ടതായി കരുതപ്പെടുന്നു.



പതിവായി. ജീവൻ രക്ഷിച്ച വരാലിന് എന്നും ഉറുമ്പ് ഒരോ അരി മണി കൊണ്ടു കൊടുക്കും. പതിവായി ഒരേ സ്ഥലത്തു തന്നെ.

ഒരു ദിവസം ഒരാൾ കുളത്തിൽ ഈ വരാലിനെ കണ്ടു. അയാൾ വിചാരിച്ചു, ആഹാ...! നല്ല മുഴുത്ത വരാൽ... കിട്ടുകയാണെങ്കിൽ രണ്ടു ദിവസം കറിക്കുള്ളതായി! പിറ്റെ ദിവസം ഉറുമ്പ് വരുന്നതിനു മുമ്പേ തന്നെ ഒരു ചൂണ്ടയിൽ ഇര കൊരുത്ത് അയാൾ ആ സ്ഥലത്തു വന്നു. വെള്ളത്തിൽ ചൂണ്ടേൽ കൊരുത്ത തീറ്റയും ഇട്ടോണ്ട് വരാലിനെയും നോക്കി ഇരുന്നു.

കുറച്ചു കഴിഞ്ഞപ്പോൾ വരാൽ വന്നു. അന്ന് പുതിയ തീറ്റ കണ്ടപ്പോൾ വരാലിന് സന്തോഷമായി. വരാൽ വിചാരിച്ചു, ഇന്നത്തെ തീറ്റ പുതിയതാണല്ലോ. ഇത്രയും ഭാരമുള്ള ഒരു തീറ്റ അവനെങ്ങനെ വലിച്ചോണ്ടു വരാൻ പറ്റും..! അങ്ങനെ അൽപ്പസമയം കഴിഞ്ഞപ്പോൾ ഉറുമ്പ് അരിമണിയും കൊണ്ടു വരുകയായിരുന്നു.

അവൻ നോക്കുമ്പോളൊരു മനുഷ്യൻ കുളക്കടവിൽ ചൂണ്ടയും ഇട്ടോണ്ടിരിക്കുന്നു. തീറ്റ കൊത്തിയെടുക്കാനായി വരാൽ അതിനടുത്തു നിൽക്കുന്നു. കൊണ്ടുവന്ന അരിമണി അവിടെ ഇട്ടിട്ട് ഉറുമ്പ് അയാളുടെ കാലിലിട്ടൊരു കടി കൊടുത്തു. അയാൾ എളുപ്പം ചാടി എണീറ്റു. ഒപ്പം ചൂണ്ടയും പൊക്കിയെടുത്തു. അപ്പോൾ വരാലിനു മനസ്സിലായി അത് തന്നെ കുടുക്കാനുള്ള തീറ്റയായിരുന്നു എന്ന്.

വരാൽ ഉറുമ്പിനോട് ഒരുപാട് സ്നേഹത്തിൽ പറഞ്ഞു: ''ചങ്ങാതീ നീ എന്റെ ജീവൻ രക്ഷിച്ചു. ഇതിനു ഞാനെന്താണ് പകരം ചെയ്യേണ്ടത്?''

അപ്പോൾ ഉറുമ്പു വരാലിനോടു പറഞ്ഞു: ''ഒന്നും ചെയ്യേണ്ട ചങ്ങാതീ. ഒരിക്കൽ നീ എന്റെ ജീവൻ രക്ഷിച്ചു. ഇപ്പോൾ എനിക്ക് നിന്റെ ജീവൻ രക്ഷിക്കാൻ അവസരം കിട്ടിയത് ഞാൻ പാഴാക്കിക്കളഞ്ഞില്ല. അത്രമാത്രമേ ഞാൻ ചെയ്തുള്ളൂ. മറ്റുള്ളവരെ സഹായിക്കാൻ കിട്ടുന്ന ഒരവസരവും നമ്മൾ പാഴാക്കിക്കളയരുത്. എനിക്ക് ഇതു മാത്രമേ നിന്നോട് പറയാനുള്ളൂ.''

▸▸ കരയുന്ന മരം എന്നറിയപ്പെടുന്നത്- റബ്ബർ